
# Academic master Plan 2025-2026

St. John's L.P.S. Parappur

# ST JOHN'S L P S PARAPPUR



# സ്കൂൾ ഫാക്കൽറ്റി

ഹെഡ്മിസ്ട്രസ്സ് : ലീന. ഇ. ജെ.

സ്കൂൾ മാനേജർ : റവ. ഫാ. ബെന്നി പുത്തൂർ

PTA പ്രസിഡന്റ് : ജോഷി. വി. കെ.

MPTA പ്രസിഡന്റ് : മെറ്റി. ജോൺസൺ

PTA എക്സിക്യൂട്ടീവ്
അംഗങ്ങൾ : അധ്യാപകർ

ഷിജി. ഇ.വി.
ലിജി ലൂയിസ്. എൻ
ജീന. പി. ജോബ്
ജിഷ. ബെന്നി

രക്ഷിതാക്കൾ

ജോസ്. പി. സി.
ജോസഫ്. പി. ടി.
മിഥുൻ. കെ. എസ്.
നിത്യ. എൻ. എസ്.
നൂർജഹാൻ
അനു. റോയ്
നിജി
ജോയ്സി
ജയലക്ഷ്മി

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : സെന്റ്. ജോൺസ് എൽ. പി. എസ് പറപ്പൂർ

മേൽവിലാസം : പറപ്പൂർ , തൃശ്ശൂർ

ഫോൺ നമ്പർ : 04872285834

സ്കൂൾ കോഡ് : 22631

വിദ്യാഭ്യാസ ജില്ല : തൃശ്ശൂർ

വിദ്യാഭ്യാസ ഉപജില്ല : തൃശ്ശൂർ വെസ്റ്റ്

റവന്യൂ ജില്ല : തൃശ്ശൂർ

ബി. ആർ. സി : പുഴയ്ക്കൽ

ഗ്രാമപഞ്ചായത്ത് : തോളൂർ

ബ്ലോക്ക്പഞ്ചായത്ത് : പുഴയ്ക്കൽ

താലൂക്ക് : തൃശ്ശൂർ

വില്ലേജ് : തോളൂർ

ഇ മെയിൽ : stjohnslpsppr@gmail.com

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സമയക്രമമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു.എൻ സുസ്ഥിര വികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവ്വചിക്കുകയും ചെയ്തു. ദാരിദ്രമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗ സമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങളും നിർവ്വചിച്ചിട്ടുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

കേരളം മറ്റു പല രംഗങ്ങളിലുമെന്നപ്പോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായവും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപക സമൂഹത്തിന്റെ അക്ഷീണ പ്രയത്നം ഇതിനു ഉത്തേജകമായിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ ഉണർവ്വ് സൃഷ്ടിച്ചു സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർദ്ധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമാക്കി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാവിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർ പ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്ക് തയ്യാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.

ദേശീയ അന്തർദേശീയ തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന്

സൂചിപ്പിച്ചിട്ടുണ്ട്. സുസ്ഥിര വികസന സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ സഹായിച്ചത് പൊതു വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം കൂടിയാണ്.

ലോകത്തിനാകമാനം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥികൾക്കും ദേശ ഭാഷ വർഗ്ഗ, വർണ്ണ, ലിംഗ ഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

# ചരിത്രത്തിന്റെ വഴിത്താരകളിലൂടെ

## സ്കൂൾ ചരിത്രം

ഓരോ നാട്ടിലെയും അണ
യാത്ത വിളക്കുകളാണ് അവിടുത്തെ
വിദ്യാലയങ്ങൾ. നമ്മുടെയും അറിവിന്റെയും
നല്ല പാഠങ്ങൾ പകർന്നു തരുന്ന ദീപ
സ്തംഭങ്ങൾ. തൃശ്ശൂർ പട്ടണത്തിൽ നിന്നും 13km
അകലത്തിൽ ഗ്രാമീണതയുടെ സ്പന്ദനങ്ങൾ
മുറ്റി നിൽക്കുന്ന സുന്ദരദേശമാണ് തൃശ്ശൂർ.
കാർഷികഗ്രാമമായ പറപ്പൂരിന്റെ അറിവിന്റെ
ആത്മാവിലേക്ക് ആദ്യാക്ഷരങ്ങൾ കുറിച്ചിട്ട
സെന്റ് ജോൺസ് ലോവർ പ്രൈമറി സ്കൂളാണ്
ഈ ഗ്രാമത്തിലെ ആദ്യ വിദ്യാലയം. തോളൂർ
ഗ്രാമപഞ്ചായത്തിലാണ് ഈ വിദ്യാലയം
സ്ഥിതി ചെയ്യുന്നത്. പള്ളിയോട് ചേർന്ന് പള്ളി
ക്കൂടങ്ങൾ വേണമെന്ന പഴയ തലമുറയുടെ
ദീർഘവീക്ഷണത്തിന്റെ ഫലമായി ഓലമേഞ്ഞ
ഒരു താൽക്കാലിക ഷെഡ്ഡിൽ 1874ൽ ആയി
രുന്നു പറപ്പൂരിലെ ആദ്യകാല വിദ്യാഭ്യാസ
ത്തിന്റെ തുടക്കം. പക്ഷേ, രണ്ടു മാസം കഴി
യുമ്പോഴേക്കും ആ വിജ്ഞാന ഭവനം എ
ങ്ങനെയോ അഗ്നിക്കിരയായി. ക്ലാസ്സുകൾ

പള്ളിയുടെ നടപ്പുരയിലേക്ക് മാറ്റി. പിന്നീടങ്ങോട്ട് അറിവിന്റെ ദേവാഗ്നി അന്വേഷിച്ച് അനേകായിരങ്ങൾ ഇങ്ങോട്ടേക്ക് ഒഴുകിയെത്താൻ തുടങ്ങി. നാണുമാസ്റ്ററായിരുന്നു വിദ്യാലയത്തിന്റെ ആദ്യ ഹെഡ്മാസ്റ്റർ. ഈ സ്കൂൾ ആരംഭിക്കുമ്പോൾ അഞ്ച് ക്ലാസ്സുകളാണ് ഉണ്ടായിരുന്നത്. ഒന്നുമുതൽ നാല്‌വരെയുള്ള ക്ലാസ്സുകളാണ് അന്നുണ്ടായിരുന്നത്. പിന്നീട് ഈ സ്കൂൾ വളർന്ന് 20 ഡിവിഷനും ആയിരത്തിൽപരം കുട്ടികളും പഠിക്കുന്ന സ്ഥാപനമായി ഉയർന്നു. 1924ൽ ലോവർ പ്രൈമറി സ്കൂളായും 1952ൽ ഹൈസ്കൂളായും 2010ൽ ഹയർ സെക്കണ്ടറി സ്കൂളായും ഉയർത്തപ്പെട്ടു. കഴിഞ്ഞ അധ്യയന വർഷത്തിൽ സ്കൂളിന്റെ 150-ാം വാർഷികം ആഘോഷിച്ചു.

സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രശസ്തരായ പലരും പഠിച്ചു വളർന്ന ഒരു വിദ്യാലയമാണിത്. ധന്യപദവിയിലേക്ക് ഉയർത്തപ്പെട്ട ഫാ. അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ ഈ വിദ്യാലയത്തിലെ പൂർവവിദ്യാർത്ഥിയാണ്. പാവങ്ങളുടെ പിതാവ് എന്നറിയപ്പെടുന്ന തൃശൂരിന്റെ പ്രഥമ മെത്രാപ്പോലീത്ത മാർ. ജോസഫ് കുണ്ടുകുളം, മെൽബൺ ബിഷപ്പായിരുന്ന മാർ ബോസ്കോ പുത്തൂർ എന്നിവർ ഈ വിദ്യാലയത്തിലെ പൂർവവിദ്യാർത്ഥികളാണ്.

തൃശൂർ അതിരൂപതയിൽ ഏറ്റവും കൂടുതൽ വൈ
ദികരെയും സന്യസ്തരേയും വാർത്തെടുക്കുന്നതിൽ
ഈ വിദ്യാലയം മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. വ്യവസാ
യിയും വി.ഗാർഡ് ഇൻഡസ്ട്രീസിന്റെ സ്ഥാപകനും
ഉടമയുമായ ശ്രീ. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി,
അന്താരാഷ്ട്ര ഫുട്ബോൾ താരം ശ്രീ. സി.വി. പാപ്പച്ചൻ,
ശ്രീ സി.വി. സണ്ണി, ശ്രീ. ഇ.ടി. റെജിസൺ, ശ്രീ. അസീസ്
അന്താരാഷ്ട്ര ജേർണലിസ്റ്റ് ശ്രീ. ജോസഫ്
ചിറ്റിലപ്പിള്ളി, ഇന്ത്യാ ഗവൺമെന്റിലെ ഐ.ഇ.എസ്
ഓഫീസറായിരുന്ന ശ്രീ. കെ.എം തോമസ് എന്നിവർ
ഈ വിദ്യാലയത്തിന്റെ ചരിത്രത്താളുകളിൽ പ്രശോ
ഭിക്കുന്ന പ്രകാശതാരങ്ങളാണ്. സ്റ്റേറ്റ് അധ്യാപക
അവാർഡ് നേടിയ സർവ്വശ്രീ. കെ.വി. ബേബി മാസ്റ്റർ,
ശ്രീ. സി.ടി. സൈമൺ മാസ്റ്റർ, സി. ലിനറ്റ്, ശ്രീ. സി.ടി
ജെയിംസ് മാസ്റ്റർ എന്നിവർ ഈ വിദ്യാലയത്തിലെ
പൂർവവിദ്യാർത്ഥികളാണെന്ന് പറയുന്നതിൽ
ഏറെ അഭിമാനമുണ്ട്.

പ്രീ-പ്രൈമറി മുതൽ നാലാം
ക്ലാസ്സ് വരെ ഏകദേശം 365 കുട്ടികൾ ഇപ്പോൾ
ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. 2020
ഓഗസ്റ്റ് 15ന് വൈഹടക്ക് രീതിയിൽ അതിമനോ
ഹരമായ വിദ്യാലയത്തിന്റെ ആശീർവാദകർമ്മം
കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട്
തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ
ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. 2022 മെയ്

ക്ലാസ്സ് മുറികൾ
21ന് പഴയ വിദ്യാലയത്തിന്റെ ക്ലാസ്സ് മുറികൾ
നവീകരിക്കുകയും ആശീർവാദകർമ്മം നടത്തുകയു
ചെയ്തു. 2022 ജൂൺ 1ന് സ്മാർട്ട് ക്ലാസ്സ്റൂമിന്റെ
ഉദ്ഘാടനം ബഹു. വടക്കാഞ്ചേരി M.L.A ശ്രീ. സേവ്യർ
ചിറ്റിലപ്പിള്ളി നിർവഹിച്ചു. വിദ്യാലയത്തിന്റെ നവീ
കരണത്തിനായി ഒത്തൊരുമിച്ച് പ്രവർത്തിച്ചവരു
ഏറെയാണ്. അധ്യാപകരോടൊപ്പം കുട്ടികളുടെ
ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ശക്തമായ
PTA, MPTA കമ്മിറ്റി സ്കൂളിലുണ്ട്. കലാകായിക
മത്സരങ്ങളിലും ശാസ്ത്രപ്രവൃത്തിപരിചയമേളക
ളിലും നമ്മുടെ കുട്ടികൾ ഉന്നതവിജയം നേടാറു
പാഠ്യപാഠ്യേതരവിഷയങ്ങളിലും ഈ വിദ്യാലയത്തി
കുട്ടികൾ മികവിന്റെ പാതയിലാണ്. വർഷംതോ
നടക്കാറുള്ള LSS സ്കോളർഷിപ്പ് പരീക്ഷകളി
കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കാറുണ്ട്.
പൊതുവിദ്യാഭ്യാസം സംരക്ഷിക്കു
ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്ന
ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ
ഫലപ്രാപ്തിയിലെത്തിക്കാൻ സെന്റ്. ജോൺസ്
LPS ഇനിയും മുന്നോട്ട് കുതിക്കുക തന്നെ ചെയ്യും

# ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്സ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാ, കായിക പ്രവർത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
* സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.

* ഓരോ അദ്ധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

* വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും, വിദ്യാർത്ഥികളും അദ്ധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

* പാർശ്വവത്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

* പദ്ധതി രൂപീകരണം

* എസ്. ആർ. ജി ചർച്ച

* ക്ലാസ്സടിസ്ഥാനത്തിൽ അക്കാദമിക പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കൽ.

* കരട് രൂപരേഖ, എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ, ഒ.എസ്.എ തുടങ്ങിയവരടങ്ങുന്ന ശിൽപ്പശാലയിൽ അവതരിപ്പിക്കൽ.

* ശിൽപ്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

* വിദ്യാലയം തന്നെ പാഠപുസ്തകം എന്ന നിലയിലേക്ക് വിദ്യാലയ അന്തരീക്ഷം മാറ്റിയെടുക്കുക.

* കായികക്ഷമത കുട്ടികളിൽ വർദ്ധിപ്പിക്കുക.

# ദർശനം

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു.

## അവസ്ഥാ വിശകലനം

വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ

- കുട്ടികളിൽ കണ്ടുവരുന്ന വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ
- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല
- വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.
- മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.
- IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്
- ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്

• ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല

•

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ
- മാതൃഭാഷാ ശേഷി വികസനം
- ഗണിത ശേഷി വികസനം
- ശാസ്ത്ര പോഷണ പരിപാടി
- ഇംഗ്ലീഷ് പഠന പരിപോഷണം
- വായന പരിപോഷണം
- പഠനയാത്ര
- കലാകായിക മേള
- ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ
- പ്രവൃത്തി പരിചയപഠനം
- എസ്. ആർ. ജി. ശാക്തീകരണം
- ഗണിത ലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ
- പൊതുവിജ്ഞാനം
- ദിനാചരണം

## അക്കാദമിക് മോണിറ്ററിംഗ്

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ്സ് റൂമിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബധമായതല്ല കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുന:സംഘടനങ്ങളും പിന്തുണയും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

പ്രവർത്തനലക്ഷ്യങ്ങൾ

- വിദ്യാലയങ്ങളിൽ HELP 2025 പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.

- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ്റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (P.T.A, H.M, SMC, SSK) പ്രോത്സാഹിപ്പിക്കുക.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ പിക്ചർ നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. ക്ലാസ്സ് തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# മലയാളം

പ്രവർത്തനം : 1
പേര് : ഭാഗ്യവായന
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ ഉച്ചഭാഷിണിയിലൂടെ വായിക്കുന്നു. ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : വായനക്കൂടാരം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയം വായിക്കാനായി എല്ലാക്ലാസിലും വായനക്കൂടാരം ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിജ്ഞാനവായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | | |
| പ്രവർത്തനം : 4 പേര് : ക്ലാസ് തലപത്രികകൾ | | ഉപമേഖല : ലേഖനം | | |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയവിശേഷങ്ങൾ, ക്ലാസിലെ വിവരങ്ങൾ, പങ്കുവയ്ക്കുന്ന ക്ലാസ് തല പത്രികകൾ ഒരുക്കൽ | എല്ലാ മാസവും | | |
| പ്രവർത്തനം: 5 പേര് : രചനോത്സവം | | ഉപമേഖല : ലേഖനം | | |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | | |
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാ കാർഡ്) വായനാക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചിലവ് | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠനവിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ജൂൺ, ജൂലൈ | | |
| പ്രവർത്തനം 6 പേര്: പാട്ടരങ്ങ് ഉപമേഖല - ഭാഷാ നൈപുണി. | | | | |
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത ഇവയിലെ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു. രാഗങ്ങളുമായി ബന്ധപ്പെട്ട ഭാവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |
| പ്രവർത്തനം 7 പേര്: നാട്ടുവിശേഷം, കൂട്ടെഴുത്ത് ഉപമേഖല: ലേഖനാവിഭാഗം. | | | | |
| എഴുതാനുള്ള നൈപുണ്യം സർഗ്ഗചിന്താശേഷി, ദേശീയബോധം എന്നിവ വികസിപ്പിക്കുക | കുട്ടികളുടെ നാട്ടു പരിചയത്തെ ആസ്പദമാക്കി, കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | എല്ലാ മാസവും | | |
| പ്രവർത്തനം 8 പേര്: വിദ്യേഴ്സ് തിയേറ്റർ ഉപമേഖല: വായന വളർത്തൽ | | | | |
| വായനാത്മകതയും, അഭിനയവും വഴി വ്യക്തിത്വ വികസനം. | കുട്ടികൾക്ക് അഭിനയത്തോടെ വായിക്കുവാൻ പരിശീലനം നൽകുന്നു. കഥാനായകൻ സംഭാഷണ ശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചിലവ് | സാമ്പത്തിക [illegible] |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക. ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാപ്രസംഗം, കഥപറയൽ, കവിതാപാരായണം, [illegible], ഭാഷാപോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാരീതി പ്രകടിപ്പിക്കാൻ അവസരം. | ജൂൺ മുതൽ മാർച്ച് വരെ. | | |
| പ്രവർത്തനം: 10 പേര്: അരങ്ങേറ്റം ഉപമേഖല: അവതരണശേഷി വികസനം. | | | | |
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും, വേദികളിൽ ആശയവിനിമയ ശേഷി പ്രകടിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുകയും ചെയ്യുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ, ഉടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |

# ഗണിതം

പ്രവർത്തനം 1
പേര് : ഗണിതലാബ് (ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും നേടാനാകുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപെടാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2025-26 | സ്കൂൾ മാനേജ്മെന്റ് | 15000 |

പ്രവർത്തനം 2
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 3

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

| പ്രവർത്തനം പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം/ ദൈർഘ്യം | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി ഉപമേഖല ഇംഗ്ലീഷ് ഭാഷാ പ്രയോഗം | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കാൻ | കുട്ടികൾ ഇംഗ്ലീഷ് അസംബ്ലി അവതരിപ്പിക്കുന്നു. ഓരോ ക്ലാസും ഇടവിട്ട് അവതരണം | ആഴ്ചയിൽ ഒന്ന് | സ്റ്റാഫ് |
| ഇംഗ്ലീഷ് ഡിക്ഷണറി ഉപമേഖല ഇംഗ്ലീഷ് ഭാഷാ പ്രയോഗം | കമ്മ്യൂണിക്കേറ്റീവ് സ്കിൽ വർദ്ധിപ്പിക്കാൻ | ലളിതമായ മലയാളം വാക്കുകളും പദങ്ങളും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യൽ | ആഴ്ചയിൽ ഒന്ന് | സ്റ്റാഫ് |

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം / വേള | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് - ടൈംസ് ഉം ലേബൽ ഇംഗ്ലീഷ്ഭാഷാപഠനം | ഇംഗ്ലീഷ് ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കുക | തെരഞ്ഞെടുത്ത പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിക്കൽ | 1 വർഷം | സ്റ്റാഫ് |
| ഉച്ചാരണം ശരിയാക്കുന്ന നല്ല രേഖകൾ ലഭ്യമാവാൻ | ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | വിദഗ്ധരുടെ ക്ലാസുകൾ | മാസത്തിൽ ഒന്ന് | സ്റ്റാഫ് |
| പദങ്ങൾ ധാരാളം ലഭ്യമാകുവാൻ | നല്ല മാതൃകകൾ ICT യിലൂടെ കാണിക്കുന്നു | word game. word study using computers cross word and puzzle. | മാസത്തിൽ ഒന്ന് | സ്റ്റാഫ് |

തനത് പ്രവർത്തനം - പരിസര പഠനം

മേഖല: പരീക്ഷണോത്സവം

ഉപമേഖല: ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാ ശേഷികളുടെ വളർച്ചയ്ക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും (3, 4 ക്ലാസ്സ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| ശാസ്ത്രപഠനതാൽപര്യം വളർത്തുക | ആഴ്ചയിൽ ഒരു ദിവസം 3,4, ക്ലാസ്സുകളിലെ കുട്ടികൾ സ്കൂൾ അസംബ്ലിയിൽ ലഘുപരീക്ഷണങ്ങൾ ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | 3, 4 ക്ലാസ്സിലെ അധ്യാപകർ | |

പ്രവർത്തനം:

പേര്: പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ (നാലാം ക്ലാസ്)

ഉദ്ദേശം: ശാസ്ത്രാവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | നാലാം ക്ലാസ് അധ്യാപകർ | സ്റ്റാഫ് |

പ്രവർത്തനം:

പേര്: ശാസ്ത്രജ്ഞരെ പരിചയപ്പെടാം

ഉദ്ദേശം: ശാസ്ത്രീയ മനോഭാവം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ വിഷയങ്ങളിലേക്കുള്ള താൽപര്യം വളർത്തുക. | സ്കൂൾ അസംബ്ലിയിൽ ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുന്നു. ശാസ്ത്രത്തിന് അവർ നൽകിയ സംഭാവനകൾ തിരിച്ചറിയുന്നു. | എല്ലാമാസത്തിലും | അധ്യാപകർ | സ്റ്റാഫ് |

പേര് : ക്വിസ് കോർണർ
ഉപമേഖല : പൊതു വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുന്നതിന് | കുട്ടികൾക്ക് 20 വീതമുള്ള പൊതുവിജ്ഞാന ചോദ്യങ്ങൾ ഓരോ ആഴ്ചയും നൽകുന്നു. വാരാന്ത്യത്തിൽ ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

പ്രവർത്തനം
പേര് : ഡെയ്‌ലി സ്റ്റാർസ്
ഉപമേഖല : പൊതു വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ പത്ര വായന പ്രോത്സാഹിപ്പിക്കാനും ആനുകാലിക സംഭവങ്ങൾ അറിയുന്നതിനും | എല്ലാ ദിവസവും പത്രവാർത്തയിൽ നിന്ന് ഒരു ചോദ്യം സ്കൂൾ അസംബ്ലിയിൽ ചോദിക്കുന്നു. വിജയികളെ ഡെയ്‌ലി സ്റ്റാർ ബാഡ്ജ് നൽകി അനുമോദിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | സിൽജി ടീച്ചർ | |

പ്രവർത്തനം: കൃഷി

പേര് : പോഷകത്തോട്ട നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉച്ചഭക്ഷണത്തിൽ പോഷകമൂല്യമുള്ള പച്ചക്കറികൾ ഉൾപ്പെടുത്തുന്നതിന് | കുട്ടികളിൽ കൃഷി യുടെ നേരനുഭവം ഉണ്ടാക്കി എടുക്കാനായി പച്ചക്കറി കൃഷി ചെയ്യുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ടീച്ചേഴ്സ് കുട്ടികൾ | സ്റ്റാഫ് |

പ്രവർത്തനം : ഹിന്ദി പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ ഹിന്ദി അക്ഷരങ്ങൾ പരിചയപ്പെടൽ | അക്ഷര കാർഡുകളിലൂടെയും ICT ഉപയോഗിച്ചും ഹിന്ദി അക്ഷരങ്ങളെ കുറിച്ച് ധാരണ നേടൽ | | അധ്യാപകർ | |

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം : 1

പേര് : കായികാരോഗ്യം

ഉപമേഖല : എയറോബിക്സ് എക്സർസൈസ്, ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ്, സ്കിപ്പിംഗ് പരിശീലനം, ബാറ്റ്മിന്റൺ, അത്‌ലറ്റിക് പരിശീലനം. | ജൂൺ - മാർച്ച് | HM SRG PTA | 10,000/- |

പ്രവർത്തനം : 2

പേര് : ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ്. | ജൂൺ – സെപ്റ്റംബർ | PTA | 3,000/- |

പ്രവർത്തനം : 3

പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശില്പശാല

ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ എക്സൈസ്, ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000/- |

# പ്രവൃത്തിപരിചയം

പ്രവർത്തനം : 1

പേര് : പ്രവൃത്തിപരിചയശിൽപശാല

ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണം: ചന്ദനത്തിരി, പാവ, ചോക്ക് etc | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 1

പേര് : സർഗവേദി

ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും സർഗവേദി നടത്തൽ. നേതൃത്വം - വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും. | C. T. SRG | |

പ്രവർത്തനം : 2

പേര് : ടാലന്റ് ലാബുകൾ

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്നതിലൂടെ പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം, ആലാപനം, ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG<br>PTA | 3000 |

പ്രവർത്തനം : 3

പേര് : പ്രകടന വേദികൾ

ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG<br>CT | |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം 1
പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം 2
പേര് : IT ലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തന | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രവുമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ – ആഗസ്റ്റ് | SITC | |

# June - ദിനാചരണങ്ങൾ

| തനതു പ്രവർത്തനം | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|
| June-3<br>പ്രവേശനോത്സവം | അധ്യാപകർ<br>PTA/MPTA | Staff | വൈവിധ്യമാർന്ന പരിപാടികളിലൂടെയും സമ്മാനങ്ങൾ വിതരണം ചെയ്തും നവാഗതരെ സ്വീകരിച്ചു<br>• കുട്ടിയോടൊപ്പം - ബോധവത്കരണ ക്ലാസ്സ് |
| June-5<br>പരിസ്ഥിതി ദിനം | അധ്യാപകർ | Staff | • പരിസ്ഥിതി ദിനസന്ദേശം<br>• പരിസ്ഥിതി ദിന പ്രതിജ്ഞ<br>• പ്ലക്കാർഡ് നിർമ്മാണം<br>• വീടുകളിൽ പുതിയ ചെടികൾ നടൽ (വീഡിയോ മാഗസിൻ)<br>• സ്കൂളിൽ വൃക്ഷത്തൈ നടൽ |
| June-19<br>വായനാദിനം | അധ്യാപകർ | Staff | • വായനമാസാചരണം ഉദ്ഘാടനം - പ്രധാന അധ്യാപിക<br>• കഥപറയൽ<br>• വായനാദിന ക്വിസ്<br>• കുട്ടിവായന<br>- വായനാദിന സന്ദേശം<br>• ലൈബ്രറി പുസ്തക വിതരണം, വായനാകുറിപ്പ്<br>• പുലരി - മാഗസിൻ<br>• സമാപനം |

| തനതു പ്രവർത്തനം | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|
| June-26<br>ലഹരി വിരുദ്ധ ദിനം | അധ്യാപകർ | staff | • ലഹരി വിരുദ്ധ പ്രതിജ്ഞ<br>• ലഹരിവിരുദ്ധ സന്ദേശം |
| | | | |

| തനതു പ്രവർത്തനം | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
| --- | --- | --- | --- |
| July - 5<br>വൈക്കം മുഹമ്മദ് ബഷീർ ദിനം | class. 2<br>അധ്യാപകർ<br>കുട്ടികൾ | Staff | • ബഷീർ കഥാപാത്രങ്ങളെ പരിചയപ്പെടുത്തൽ<br>• ബഷീർ ദിന ക്വിസ്<br>• ബഷീർ കഥാപാത്രങ്ങളുടെ വേഷമണിഞ്ഞ് വീഡിയോ മാഗസിൻ തയ്യാറാക്കൽ. |
| July - 21<br>ചാന്ദ്രദിനം | class - 2<br>അധ്യാപകർ | Staff | • ചാന്ദ്രദിന ക്വിസ്<br>• ചാന്ദ്രദിനം<br>• ക്ലാസ്തല ചുമർ പത്രം തയ്യാറാക്കൽ<br>• ചാന്ദ്രയാത്രികനുമായി അഭിമുഖം. |
| ടാലന്റ് ലാബ്<br>കരാട്ടെ / യോഗ<br>അബാക്കസ്<br>ചിത്രരചന<br>പരിശീലനം | അധ്യാപകർ | കുട്ടികൾ | ടാലന്റ് ലാബിന്റെ ഭാഗമായി കരാട്ടെ യോഗ പരിശീലനം അബാക്കസ്, ചിത്രരചന പരിശീലനം എന്നിവ വിദഗ്ധ അധ്യാപകരുടെ നേതൃത്വത്തിൽ സ്കൂളിൽ നൽകുന്നു. |

## August - ദിനാചരണങ്ങൾ

| തനത് പ്രവർത്തനം | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- |
| August - 6<br>ഹിരോഷിമ ദിനം | class-3<br>അധ്യാപകർ | staff | • സഡാക്കോ കൊക്ക് നിർമ്മാണം, പ്രദർശനം<br>• യുദ്ധവിരുദ്ധ സന്ദേശം<br>• പോസ്റ്റർ നിർമ്മാണം |
| August-15<br>സ്വാതന്ത്ര്യ ദിനം | class-3<br>അധ്യാപകർ | staff | • പതാക ഉയർത്തൽ<br>• ദേശഭക്തിഗാന മത്സരം<br>• പ്രസംഗ മത്സരം<br>• ദേശീയ പതാക നിർമ്മാണം<br>• സ്വാതന്ത്ര്യദിന സന്ദേശം |

| ചരണ പ്രവർത്തനം | നിർവഹണച്ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|
| September -5<br>അധ്യാപക ദിനം | class-4 കുട്ടികൾ<br>അധ്യാപകർ | staff | അധ്യാപകർക്ക് ആശംസാകാർഡുകൾ നൽകൽ<br>അധ്യാപകരെ ആദരിക്കൽ |
| September<br>ഓണാഘോഷം | അധ്യാപകർ, കുട്ടികൾ | staff | • ഓണപ്പാട്ട്<br>• പൂക്കളമത്സരം<br>• തിരുവാതിരക്കളി<br>• പുലികളി<br>• ഓണസദ്യ<br>• മലയാളി മാരൻ മലയാളി മങ്ക |

... - ദിനാചരണങ്ങൾ

| തനതു പ്രവർത്തനം | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|
| ഒക്ടോബർ-2 ഗാന്ധിജയന്തി | അധ്യാപകർ | Staff | ഗാന്ധിജി - ക്വിസ് ഗാന്ധിവേഷം ധരിക്കൽ സ്കൂളും പരിസരവും വൃത്തിയാക്കുക |
| ഒക്ടോബർ-9 ലോക തപാൽ ദിനം | അധ്യാപകർ | Staff | നാലാം ക്ലാസ്സിലെ കുട്ടികളെയും കൊണ്ട് പോസ്റ്റ് ഓഫീസ് സന്ദർശനം -Field trip |
| ഒക്ടോബർ-27 വയലാർ ചരമദിനം | അധ്യാപകർ കുട്ടികൾ | Staff | അസംബ്ലിയിൽ വയലാറിനെ കുറിച്ച് അധ്യാപിക പറയുന്നു. വയലാറിന്റെ കവിത, സിനിമാഗാനം ചൊല്ലുന്നു |

November

## ദിനാചരണങ്ങൾ

| നടത്തു പ്രവർത്തനം | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|
| നവംബർ-1<br>കേരളപ്പിറവി ദിനം | അധ്യാപകർ<br>കുട്ടികൾ | staff | സ്കൂൾ അസംബ്ലിയിൽ കേരളപ്പിറവിയെ കുറിച്ച് അധ്യാപിക പറയുന്നു<br>· ജില്ലാപ്പാട്ട് പാടുന്നു<br>· നാടൻപാട്ട് അവതരണം |
| നവംബർ-7<br>സി. വി. രാമൻ ദിനം | അധ്യാപകർ<br>കുട്ടികൾ | Staff | ലഘു പരീക്ഷണങ്ങൾ നടത്തുന്നു. |
| നവംബർ-14<br>ശിശുദിനം | അധ്യാപകർ | Staff | ശിശുദിന റാലി<br>ശിശുദിന സന്ദേശം<br>കുട്ടികളുടെ വിവിധ കലാപരിപാടികൾ |

## December - ദിനാചരണങ്ങൾ

| നടന്ന പ്രവർത്തനം | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|
| ഡിസംബർ- 3<br>ദേശീയ ഭിന്നശേഷി ദിനം | അധ്യാപകർ | Staff | ഭിന്നശേഷി കുട്ടികളുടെ വിവിധ കലാപരിപാടി-കൾ<br>· ചിത്രരചനാമത്സരം |
| ഡിസംബർ<br>ക്രിസ്തുമസ്സ് ആഘോഷം | അധ്യാപകർ | Staff | · സ്കൂളും പരിസരവും അലങ്കരിക്കൽ<br>· കരോൾഗാനം<br>· ക്രിസ്മസ്സ് പപ്പ<br>· ബോൺനത്താലെ<br>· Surprise gifts<br>· cake cutting |

# January - ദിനാചരണങ്ങൾ

| നടന്ന പ്രവർത്തനം | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|
| January-26 റിപ്പബ്ലിക്ക് ദിനം | അധ്യാപകർ | staff | · ദേശീയ പതാക ഉയർത്തൽ<br>· റിപ്പബ്ലിക് ദിന സന്ദേശം<br>· ദേശ ഭക്തി ഗാനം |
| January-30 രക്തസാക്ഷി ദിനം | അധ്യാപകർ | staff | · ഗാന്ധിസ്മരണ<br>· ഗാന്ധിജിയെ കുറിച്ച് speech |

## February - ദിനാചരണങ്ങൾ

| തനതു പ്രവർത്തനം | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
| --- | --- | --- | --- |
| ഫെബ്രുവരി -21 മാതൃഭാഷാ ദിനം | അധ്യാപകർ | staff | മാതൃഭാഷയുടെ പ്രാധാന്യത്തെ കുറിച്ച് പ്രസംഗം<br>· മാതൃഭാഷയിൽ കഥ, കവിത അവതരണം |
| ഫെബ്രുവരി -28 ശാസ്ത്ര ദിനം | അധ്യാപകർ | staff | ലഘുപരീക്ഷണങ്ങൾ നടത്തുന്നു<br>ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുന്നു |

# March - ദിനാചരണങ്ങൾ

| തനതു പ്രവർത്തനം | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
| --- | --- | --- | --- |
| March - പഠനോത്സവം | അധ്യാപകർ കുട്ടികൾ | staff | 1 മുതൽ നാലാം ക്ലാസ്സ് വരെ 2025-26 വർഷത്തെ മികവ് പ്രവർത്തനങ്ങളുടെ അവതരണം. വീഡിയോ മാഗസിൻ തയ്യാറാക്കൽ |

# ഉപസംഹാരം

പൊതു വിദ്യാഭ്യാസം എന്ന ആശയം നന്നായ രീതിയിലൂടെ നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളും ശക്തിപ്പെടുത്തുന്നതിൽ പൊതുസമൂഹം മുന്നിട്ടിറങ്ങിയ കാഴ്ച അഭിമാനകരമാണ്. വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം ഗുണനിലവാരം, അവസരലഭ്യത, തുല്യത, ലിംഗസമത്വം പങ്കാളിത്തം, മാനവികത എന്നിവക്ക് പ്രാധാന്യം നൽകുക കൂടി നമ്മുടെ കടമയായി കാണണം. മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവക്കാൻ കഴിയുമാറാകട്ടെ എന്ന ശുഭപ്രതീക്ഷയോടെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ പ്രവർത്തന റിപ്പോർട്ട് ഇവിടെ ഉപസംഹരിക്കുന്നു.